# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-26**

## ഗവ. എൽ.പി. സ്കൂൾ
## ഇടയാടിയിൽ, പന്തളം
## പന്തളം വിദ്യാഭ്യാസ ഉപജില്ല

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025- 26 അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. കുട്ടികളിൽ ഉള്ള വൈകാരിക സാമൂഹിക വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവും ആക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദവി  ലക്ഷ്യമിടുന്നു.

പ്രസ്തുത ലക്ഷ്യത്തോടെ പത്തനംതിട്ട ജില്ലയിൽ പന്തളം ഉപവിദ്യാഭ്യാസജില്ലയിൽ പന്തളം നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന ഒന്നാം ക്ലാസ്സ് മുതൽ അഞ്ചുവരെ ക്ലാസുകളുള്ള ഒരു പൊതുവിദ്യാലയമാണ്, ഇടയാടിയിൽ ഗവൺമെന്റ് എൽ.പി സ്കൂൾ ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ പുരോഗതി ക്കായി ഇടയാടിയിൽ കുടുംബം ആരംഭിച്ച ഒരു സ്വകാര്യ വിദ്യാലയം 1937 മുതൽ ഗവൺമെന്റ് ഏറ്റെടുത്ത് പ്രവർത്തിപ്പിച്ചു വരുന്നു. പന്തളം - കുരമ്പാല പ്രദേശത്തെ വികസനത്തിന് എന്നും ഈ വിദ്യാലയം മുൻപന്തിയിൽ നിൽക്കുന്നു.

പൊതു വിദ്യാലയങ്ങളെ തകർക്കുന്ന അൺഎയ്ഡഡ് മേഖലയുടെ കടന്നുകയറ്റം ഈ വിദ്യാലയ മുത്തശ്ശിക്ക് ഭീഷണിയായിരിന്നിട്ടു പോലും ഇതിനെ വിശ്വസിക്കുന്ന, ഇതിന്റെ പ്രവർത്തനത്തിൽ പങ്കാളികളാകുന്ന ഒരു പൊതുസമൂഹം ഇന്നും നില നിൽക്കുന്നു. പൊതു വിദ്യാഭ്യാസ ശാക്തീകരണം ലക്ഷ്യമാക്കി, പൊതു വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഹ്രസ്വകാല - മദ്ധ്യമകാല, ദീർഘകാല വികസന പദ്ധതികൾ ഈ മാസ്റ്റർ പ്ലാനിലും ഞങ്ങൾ മുന്നോട്ടു വയ്ക്കുന്നു. സമഗ്ര ഗുണമേൻമ വിദ്യാലയ വികസന പദ്ധതികളും, ഭൗതിക വികസനത്തിനുള്ള മാസ്റ്റർപ്ലാനും തയ്യാറാക്കുമ്പോഴും അക്കാദമിക മികവിനാണ് പ്രാധാന്യം കൊടുക്കുന്നത്.

**പൊതുലക്ഷ്യങ്ങൾ**

**വിദ്യാലയത്തെ ഒരു മികവിന്റെ കേന്ദ്രമാക്കി മാറ്റുക**

പ്രാഥമിക വിദ്യാലയ വിദ്യാഭ്യാസത്തിൽ നിന്ന് ഒരു വിദ്യാർത്ഥി ആർജ്ജിക്കേണ്ട ഭാഷാ വൈദഗ്ദ്ധ്യം (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) ചതുഷ്ക്രിയകളുടെ പ്രായോഗിക ഉപയോഗം, സാമുഹിക ചുറ്റുപാടുകളെക്കുറിച്ചുള്ള പ്രാഥമിക അറിവ്, നിരീക്ഷണ പരീക്ഷണ പാടവം, ശാസ്ത്രീയ മനോഭാവം ഇവയുടെ കൈവരിക്കൽ

**ശിശുസൗഹൃദ വിദ്യാലയാന്തരീക്ഷം**

മാനസികമോ, ശാരീരികമോ ആയ ശിക്ഷകൾ ഇല്ലാതെ കുട്ടികളുടെ വ്യക്തിത്വത്തെ മാനിക്കുന്ന, ശിശു സൗഹൃദമായ വിദ്യാലയാന്തരീക്ഷം നിലനിർത്തുന്നു.

**പൊതുജന സഹകരണത്തോടെ പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുക**

പൊതുവിദ്യാലയത്തിന്റെ മികവ് പ്രകടമാക്കുന്ന പ്രവർത്തനങ്ങൾ പൊതുജന സഹകരണത്തോടെ (പൂർവ്വ വിദ്യാർത്ഥി സംഘടന, എസ്. എം. സി, പി. ടി. എ വിദ്യാലയ വികസന സമിതി, ക്ലബ്ബുകൾ, അസ്സോസിയേഷനുകൾ ഇവയുടെ ) നടപ്പിലാക്കുക. അവരുടെ കടന്നുവരൽ, മികവ് പ്രവർത്തനങ്ങളുടെ വിശദീകരണം ഇവ നടപ്പിൽ വരുത്തുന്നു.

**സർഗപരമായ / കലാപരമായ ശേഷികളുടെ വികസനം, പ്രദർശനം**

മികവിന്റെ ഭാഗമായി ടാലന്റ് ക്ലബ്ബുകളുടെ രൂപീകരണം, കുട്ടികളുടെ സർഗപരമായ വികസനത്തിന് പൊതുജന സഹകരണത്തോടെ പരിശീലനം നൽകുകയും അവയുടെ സ്കൂൾ തല പ്രദർശനം നടപ്പിലാക്കുകയും ചെയ്യുന്നു.

**വായന ശീലം, തുടർ പഠന സാധ്യത വളർത്തുന്ന സ്കൂൾ അന്തരീക്ഷം**

വയനാ ചങ്ങാത്തം പരിശീലനപരിപാടിയുടെ ഭാഗമായി മുഴുവൻ കുട്ടികൾക്കും വായനശാലയിൽ അംഗത്വം, അമ്മ വായനയെ

പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ, പുസ്തകം പരിചയപ്പെടൽ, പതിപ്പ് നിർമ്മാണം ( കുട്ടിയുടെയും,അമ്മയുടെയും ) ,പുസ്തക സമാഹരണം തുടങ്ങിയവ.

**ഹൈടെക് വിദ്യാലയം**

ഹൈടെക് വിദ്യാലയ സങ്കല്പം നടപ്പിലാക്കുക. ഈ വിദ്യാഭ്യാസം രക്ഷിതാക്കൾക്കും പകർന്നു നൽകുക

**പൊതുജന സമ്പർക്ക പരിപാടി**

നവ കേരള മിഷൻ പ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങളുമായി ഭവനങ്ങൾ സന്ദർശിക്കുക, ബോധവത്ക്കരണം നടപ്പിലാക്കുന്നു.

**ജൈവകൃഷി സമ്പ്രദായം**

ക്ഷമയും, സഹനവും വളർത്തുന്ന, ആരോഗ്യത്തെ വർദ്ധിപ്പിക്കുന്ന കാർഷിക സംസ്കാരവും അതിന്റെ പ്രാധാന്യവും പ്രായോഗിക പ്രവർത്തനങ്ങളിലൂടെ നടപ്പിലാക്കുന്നു.

**വിദ്യാർത്ഥികളെ സമൂഹത്തിന്റെ ഭാഗമാക്കുക**

പൊതുസ്ഥാപനങ്ങൾ സന്ദർശിക്കുക. അവയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുക, അഭിമുഖങ്ങൾ സംഘടിപ്പിക്കുക, ദിനാചരണങ്ങൾ അതിന് സമൂഹത്തെ ഉപയോഗപ്പെടുത്തൽ.

## LSS സ്കോളർഷിപ്പ്, ഗണിത സാമൂഹ്യ ശാസ്ത്ര മേളകൾ, കലോത്സവങ്ങൾ ഇവയിൽ വിജയം നേടുന്ന വിധത്തിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുക

### സവിശേഷ ലക്ഷ്യങ്ങൾ

ഹ്രസ്വകാല മദ്ധ്യമകാല - ദീർഘകാല പ്രവർത്തനത്തിലൂടെ വിദ്യാലയത്തിൽ

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സവിശേഷ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

**ഭൗതീകം, സാമൂഹികം**

1. പൂന്തോട്ട നിർമ്മാണം
2. ജൈവ പച്ചക്കറിത്തോട്ടം
3. ഹൈടെക് ക്ലാസ്സുറികൾ
4. ജൈവ വൈവിധ്യ പാർക്ക്
5. ഓപ്പൺ സ്റ്റേജ് പദ്ധതി
6. ഉച്ചഭാഷിണി സിസ്റ്റം
7. ഉച്ചഭക്ഷണ പദ്ധതി മെച്ചപ്പെടുത്തൽ
8. മെച്ചപ്പെട്ട സ്റ്റാഫ് റൂം
9. CWSN കുട്ടികളോട് പ്രത്യേക ശ്രദ്ധ നൽകുന്ന അന്തരീക്ഷം
10. ശിശുസൗഹൃദ ക്ലാസ്സ് റൂമുകൾ
11. School വാഹന സൗകര്യം

## ICT സാധ്യത

**ലക്ഷ്യങ്ങൾ**

1. ഫലപ്രദമായി ഉപയോഗിക്കുക
2. അറിവുനിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗിക്കുക.
3. കമ്പ്യൂട്ടർ ഉപയോഗിച്ച് Action Song, Games, Nursery പാട്ടുകൾ അഭ്യസിക്കുന്നു. ഇന്റർനെറ്റ് കണക്ഷൻ, പ്രിന്റർ എന്നിവ ഉപയോഗിച്ച് ക്ലാസ്സ് പ്രവർത്തനം കാര്യക്ഷമമമായി നടത്തുന്നു.

## പ്രവൃത്തിപരിചയം

**ലക്ഷ്യങ്ങൾ**

1.നിർമ്മാണപരമായ കഴിവുകൾ എല്ലാകുട്ടികൾക്കും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉല്പന്ന ങ്ങളോ ഉണ്ടാക്കുവാനുള്ള കഴിവുകൾ എല്ലാ കുട്ടികൾക്കും വികസിപ്പിക്കുക
3. ഇതരവിഷയങ്ങളുമായി പ്രവർത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക
4. നാട്ടിലുള്ള വൈദഗ്ദ്ധ്യത്തെ കുട്ടികളുടെ സർഗ വികസനത്തിനായി പ്രയോജനപ്പെടുത്തുക

## പ്രവർത്തനങ്ങൾ

ക്ലേമോഡലിംഗ്, പെയ്ന്റിംഗ്, നിർമ്മാണം.

## കലാപരിശീലനം

**ലക്ഷ്യങ്ങൾ**

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
2. കലാ അഭിരുചി വളർത്തുക
3. ഇതരവിഷയ പഠനങ്ങളുമായി കലാപഠനത്തെ ബന്ധിപ്പിക്കുക
4. നാട്ടിലുള്ള വൈദഗ്ദ്ധ്യത്തെ കുട്ടികളുടെ സർഗ വികാസത്തിനായി പ്രയോജനപ്പെടുത്തുക.
5. സംഗീതം, നൃത്തം എന്നിവയുടെ പഠത്തിനായി നാട്ടിലുള്ള വിദഗ്ദരെ ഉപയോഗപ്പെടുത്തുക.
6. ചിത്രരചന അഭ്യസിപ്പിക്കുവാനായി മികച്ച ചിത്രകാരന്മാരുടെ സേവനം ഉപയോഗിക്കുക

## ആരോഗ്യകായിക വിദ്യാഭ്യാസം

**ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികൾക്കും കായികാരോഗ്യം ഉറപ്പുവരുത്തുക
2. ആരോഗ്യ ശീലങ്ങൾ വളർത്തുക
3. ലഹരിവിരുദ്ധ ക്ലാസുകൾ സംഘടിപ്പിക്കുക
4. സുംബ ഡാൻസ് പരിശീലനം
5. ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഒരുക്കുക
6. വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് ക്ലാസ്സുകൾ നടത്തുക

## പ്രവർത്തനങ്ങൾ

സ്ഥലപരിധി മറികടന്ന് കുട്ടികൾക്ക് കായികാരോഗ്യവിദ്യാഭ്യാസം നൽകുന്നതിനായി ചെസ്സ്, കാരോൺ, ഡയസ്, പാമ്പ് കോണികളി തുടങ്ങിയവ നല്കുന്നു.

എല്ലാ ദിവസവും അസംബ്ലിയിൽ വ്യായാമം ചെയ്യാൻ അവസരം

**<u>പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പരിശീലന പരിപാടി</u>**

**<u>ലക്ഷ്യങ്ങൾ</u>**

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്ന പരിഗണന ഉറപ്പാക്കുക. ഈ വിഭാഗം കുട്ടികൾക്ക് ഓരോ ക്ലാസ്സിനും വിഷയത്തിനും അനുരൂപീകരണ സാധ്യത ഉപയോഗപ്പെടുത്തുക.

**<u>പരിഹരിക്കപ്പെടേണ്ട പരിമിതികൾ</u>**

* ഐ.സി.റ്റി. സാധ്യതയുടെ വികസനം
* മെച്ചപ്പെട്ട ലൈബ്രറി, ലാബ്
* കളിസ്ഥലം മെച്ചപ്പെടുത്തൽ
* മികച്ച ഉച്ചഭക്ഷണ സംവിധാനം
* ശിശുസൗഹൃദക്ലാസ്സ് റൂം
* ഓഫീസ്, സ്റ്റാഫ് റൂം മെച്ചപ്പെടുത്തൽ
* ഓപ്പൺ എയർ സ്റ്റേജ് സംവിധാനം
* ഉച്ചഭാഷിണിയുടെ കുറവ്

**<u>നടപ്പിലാക്കുന്ന പദ്ധതികൾ</u>**

* മലയാളത്തിളക്കം
* ഹലോ ഇംഗ്ലീഷ്
* പ്രാദേശിക പിടിഎ
* ഫീൽഡ്ട്രിപ്പ്
* സമൂഹത്തിന്റെ ഇടപെടലുകൾ ചേർന്ന ആഘോഷങ്ങൾ
* ഉച്ചഭക്ഷണ പരിപാടി മെച്ചപ്പെടുത്തൽ
* അഭിമുഖങ്ങൾ
* മെഡിക്കൽ ക്യാമ്പ്
* പൊതുവിജ്ഞാന ക്ലാസ്സ്
* പത്രവായന
* റീഡേഴ്സ് തിയറ്റർ
* സംയുക്ത ഡയറി
*സചിത്ര ബുക്ക്

## <u>അക്കാദമികം</u>

**<u>എ. ഭാഷയുമായി ബന്ധപ്പെട്ടവ</u>** (English Assembly, വായനാപദ്ധതികൾ, Spoken English, Hello English മലയാളത്തിളക്കം, അക്ഷരമിത്ര, ഡയറി എഴുത്ത്, പത്രവായന പരിശീലനം, വായനച്ചങ്ങാത്തം.

**<u>ബി. ഗണിതം</u>** - ഗണിത വിജയം, ഗണിത മൂല, ഉല്ലാസ ഗണിതം, പ്രായോഗിക

ഗണിതം, വിനിമയ ക്ലാസുകൾ

<u>**സി. ശാസ്ത്രം**</u> - ലഘുപരീക്ഷണങ്ങൾ, അവയുടെ പ്രദർശനം, ചുറ്റുപാടുകൾ

കണ്ടറിയൽ, ശാസ്ത്രമൂല, ആൽബം

<u>ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</u>

<u>**മേഖല : ഭൗതികം**</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | Sources |
|---|---|---|---|---|
| പൂന്തോട്ട നിർമ്മാണം | അനുയോജ്യസ്ഥലം കണ്ടെത്തൽ<br><br>ചെടിച്ചട്ടി ശേഖരണം ,ചെടി വെച്ചുപിടിപ്പിക്കൽ അവയുടെ പരിപാലനം, വേലികെട്ടി സംരക്ഷിക്കൽ<br><br>സ്ഥിരജലസേചനം | ഹ്രസ്വകാലം<br><br>മദ്ധ്യമകാലം<br><br>ദീർഘകാലം | SRG<br><br>PTA | വികസന സമിതി ഫണ്ട് |
| ജൈവപച്ചക്കറികൃഷി | പ്ലാൻ തയ്യാറാക്കൽ, സ്ഥലം കണ്ടെത്തൽ, വിത്തു ശേഖരണം, നടീൽ, ജലസേചനം, വളമിടീൽ, സംരക്ഷിക്കൽ ജൈവകൃഷി ഒരു സ്ഥിര സംവിധാനമാക്കൽ അവയുടെ ഉപയോഗിക്കൽ. | ഹ്രസ്വകാലം<br><br>മദ്ധ്യമകാലം<br><br>ദീർഘകാലം | SRG<br><br>SMC<br><br>വികസന സമിതി | കൃഷിവകുപ്പ് |

| | | | | |
|---|---|---|---|---|
| ഹൈടെക് ക്ലാസ്സുമുറി | സിലിംഗ് ഇടീൽ ഇലക്ട്രിഫിക്കേഷൻ കമ്പ്യൂട്ടർ, അനുബന്ധ ഉപകര ണങ്ങൾ പ്രവർത്തിപ്പിക്കൽ പരിശീലനം | ഹ്രസ്വകാലം<br>മദ്ധ്യമകാലം<br>ദീർഘകാലം | വികസന സമിതി | |
| ജൈവ വൈവിധ്യ പാർക്ക് | Plan, Estimate തയ്യാറാക്കൽ,സ്ഥലം തയ്യാറാക്കൽ, കുളം നിർമ്മാണം, ഇരിപ്പിടങ്ങൾ നിർമ്മിക്കൽ, വേലികെട്ടി സംരക്ഷിക്കൽ | ഹ്രസ്വകാലം<br>മദ്ധ്യമകാലം<br>ദീർഘകാലം | വികസന സമിതി<br>LSGD | MLA ഫണ്ട്<br>LSGD ഫണ്ട്<br>നഗരസഭ |
| ഓപ്പൺ സ്റ്റേജ് | വിദ്യാഭ്യാസ സമിതി യിൽ അവതരിപ്പിക്കൽ പ്ലാൻ, എസ്റ്റിമേറ്റ്, ടെണ്ടർ നൽകൽ പദ്ധതി നടപ്പാക്കൽ | ദീർഘകാലം | നഗരസഭ | നഗരസഭ ഫണ്ട് |
| ഉച്ചഭക്ഷണ പരിപാടി മെച്ച പ്പെടുത്തൽ | വിദ്യാഭ്യാസ സമിതി യിൽ അവതരിപ്പിക്കൽ Plan, Estimate of Dining Hall, Kitchen | ദീർഘകാലം | നഗരസഭ | നഗരസഭ ഫണ്ട് |

| | | | | |
|---|---|---|---|---|
| മെച്ചപ്പെട്ട സ്റ്റാഫ് റൂം | ഓഫീസ് റൂം, സ്റ്റാഫ് റൂം വേർതിരിക്കൽ, തറ ടൈലിടുക, കെട്ടിടം പെയിന്റിംഗ്, Trs മേശ, കസേര,അലമാര വാങ്ങൽ | ദീർഘകാലം | വികസന സമിതി | വികസന സമിതി ഫണ്ട്<br><br>LSGD ഫണ്ട് |

**<u>സാമൂഹികം</u>**

| | | | | |
|---|---|---|---|---|
| CWSN കുട്ടി കൾക്ക് പ്രത്യേക പരി ഗണന നൽകുന്ന അന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് റൂമിലേക്ക് കയറാനുള്ള സംവിധാന ങ്ങൾ അത്തരം കുട്ടിക ളുടെ ഡേറ്റാ ശേഖരണം അവരെ സ്കൂളിൽ എത്തിക്കു ന്നതിനുള്ള ശ്രമം | ദീർഘകാലം<br><br>മദ്ധ്യമകാലം | SRG , നഗരസഭ<br><br>വികസന സമിതി | SSA ഫണ്ട് |

| | | | | |
|---|---|---|---|---|
| ശിശുസൗഹൃദ ക്ലാസ്റൂമുകൾ | ആകർഷകമായ ചിത്രങ്ങൾ,കുട്ടികൾക്കനുയോജ്യമായ ഇരിപ്പിടങ്ങൾ, കളി ഉപകരണങ്ങൾ | ദീർഘകാലം | വികസന സമിതി | പൂർവ്വ വിദ്യാർത്ഥി സംഘടനാ ഫണ്ട് |
| സ്കൂളിന് സ്വന്തമായ വാഹനം | വാഹനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തൽ ചുമതല ഏറ്റെടുക്കൽ നടപ്പിലാക്കൽ | ദീർഘകാലം | PTA ചുമ | MLA ഫണ്ട് |

## **<u>അക്കാദമിക ലക്ഷ്യങ്ങൾ</u>**

ഉപമേഖല : ഭാഷയുമായി ബന്ധപ്പെട്ടവ - English Learning

Preface- Even though English is a foreign language, People thought that those who acquire proficiency in English is an educated man. If a person got well training in his mother tongue, no doubt he can learn English very easily. As a foreign language we take some necessary step to teach English to our students. The teachers approach to English is an interesting manner, it will increase his interest also.

| Objectives (Aims) | Activities | Term |
|---|---|---|

| | | |
|---|---|---|
| Develop listening skills<br><br><br><br><br>Develop reading skills<br><br><br><br><br><br><br><br>Develop<br>Comprehensive<br>capably | Speak as many English dialogues in classroom. Listen English news<br>Teacher give good nature in classroom.<br>Give more number of English books .Must read English newspaper. Use meaningful sentences on black board.<br>Special practice for dictionary use (Readers theatre)<br><br><br>Provide English reading cards.<br>Ask small questions<br>To elicit their answers. | Short term<br><br><br><br><br>Long term<br><br><br><br><br><br><br><br>Short term |

| | | |
|---|---|---|
| Be a world citizen<br>Create a capacity to effective reading<br>Writing and speaking in English It is performance<br>Before public | Pre-test to know capacity<br>English diary writing, English club, English speaking class, English assembly, English Fest ,Hello English class , English Library, English newspaper | Long term |

"

ഉപമേഖല : മലയാള ഭാഷ

ആമുഖം :- മാതൃഭാഷാപഠനം ഇതര ഭാഷാപഠനത്തെ സുഗമമാക്കുന്നു. മലയാള ഭാഷ അനായാസം കൈകാര്യം ചെയ്യുക - എഴുത്ത്, വായന, സംസാരിക്കുവാനുള്ള കഴിവ് ഉറപ്പിക്കൽ പ്രൈമറി തലത്തിൽ നമുക്ക് കഴിയണം. മലയാളത്തിന്റെ തനിമ ഉൾക്കൊണ്ട് ശൈലി, പ്രയോഗങ്ങൾ, സർഗ്ഗമൂല്യം ഇവ ഭാഷാപഠനത്തിലൂടെ സാധ്യമാകണം. മലയാള ഭാഷയുടെ ശരിയായ പരിശീലനം വായനാ രംഗത്തെ തദ്വാരാ രചനകളെ പരിപോഷിപ്പിക്കും.

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| എല്ലാ കുട്ടികൾക്കും മലയാള ഭാഷ ഫലപ്രദമായി എഴുതാനും, വായിക്കാനും സംസാരിക്കുവാനും ഉള്ള ശേഷി വികസിപ്പിക്കൽ പ്രവർത്തനങ്ങളെ കലാകായിക പ്രവർത്തനങ്ങളുംമായി ബന്ധപ്പെട്ടുള്ളവ | ഡയറി എഴുത്ത്, പത്ര പാരായണം, ഒരു ദിവസം ഒരു ഭാഷാ പരിപാടി,പതിപ്പുകൾ,മാഗസിൻ, രചനാ ശില്പശാലകൾ, മലയാളത്തിളക്കം, സർഗ്ഗാത്മക രചനകൾ, വായനശാല സന്ദർശിക്കൽ, പുസ്തകം പരിചയപ്പെടുത്തൽ, സർഗ്ഗാത്മക പ്രകടനങ്ങൾ | ദീർഘകാലം<br><br>ദൈനംദിനം<br><br>മദ്ധ്യമകാലം |

ഉപമേഖല : ഗണിതം

പേര് : എല്ലാം കണക്കുകൂട്ടലിന്റെ അടിസ്ഥാനത്തിൽ

ആമുഖ പ്രശ്നങ്ങൾ :- ഒരു പ്രൈമറി വിദ്യാർത്ഥി ആർജ്ജിക്കേണ്ട ചതുഷ്ക്രിയ കൾ, അവയുടെ പ്രായോഗിക പരിജ്ഞാനം, പ്രശ്ന നിർദ്ധാരണങ്ങൾ, അവന്റെ ചുറ്റുപാടിൽ പ്രയോഗിക്കുന്ന സാധാരണ അളവുതൂക്കങ്ങൾ, വിവിധ രൂപങ്ങൾ ഇവയെക്കുറിച്ച് ഒരു ധാരണയുണ്ടാക്കുന്നതിനും, ആ അറിവുകൾ രക്ഷിതാക്കളുടെ മുമ്പിൽ പ്രകടിപ്പിച്ച് മികവ് തെളിയിക്കുന്നതിനും കഴിയുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|

| | | |
|---|---|---|
| നിത്യജീവിതത്തിലെ ചതു<br>ക്രിയകളിൽ അവയുടെ<br>പ്രയോഗത്തിൽ അറിവ്<br>നേടുക.<br><br><br><br><br>അളവുകൾ, തൂക്കങ്ങൾ<br>ഇവയിൽ അറിവ് നേടുക,<br>ഗണിതകളി,<br>രൂപങ്ങൾ തിരിച്ചറിയാം,<br>നിർമ്മിക്കാം<br>പാറ്റേൺ, എത്ര മനോഹരം | മനക്കണക്കുകൾ,<br>സങ്കലന പ്രവർത്തനം,<br>വ്യവകലന<br>പ്രവർത്തനം,<br>ഗുണനം,<br>ഹരണം,<br>നിർദ്ധാരണ<br>പ്രവർത്തനം.<br>വീടുകളിൽ<br>ഉപയോഗിക്കുന്ന<br>ഗണിത<br>പ്രവർത്തനങ്ങൾ ലിസ്റ്റ്<br>ചെയ്യുക<br>നീളങ്ങൾ അളക്കുക<br>സാധനങ്ങളുടെ<br>തൂക്കം<br>ദ്രാവകങ്ങളുടെ<br>അളവ്<br>കടയിൽ പോയി<br>സാധനങ്ങൾ<br>വാങ്ങാം സമയം<br>പറയാം<br>കലണ്ടർ,<br>ക്ലോക്ക് നിർമ്മിക്കാം,<br>ഭിന്നസംഖ്യകളുടെ<br>ഗണിതം<br>അളവുകൾ വ്യത്യസ്ത<br>യൂണിറ്റുക<br>ളിൽ,<br>വൃത്തം വരയ്ക്കൽ,<br>രൂപങ്ങൾ ഉണ്ടാക്കൽ,<br>സമര നിർമ്മാണം,<br>ചുറ്റളവ്, വിസ്തീർണ്ണം<br>കണ്ടെത്തൽ | ഹ്രസ്വകാലം<br><br><br>മധ്യമകാലം<br><br><br><br><br><br>ദീർഘകാലം<br><br><br>മദ്ധ്യമകാലം<br><br><br>ഹ്രസ്വകാലം |

ഉപമേഖല : ശാസ്ത്രപഠനം (പരിസര പഠനം)

ആമുഖം: ശാസ്ത്രീയമായ നിരീക്ഷണപാടവത്തോടെ തന്റെ ചുറ്റുപാടിനെ നോക്കികാണുക. തന്റെ ചുറ്റുപാടിന്റെ മാറ്റങ്ങളെ മനസ്സിലാക്കുക. ഈ ഭൂമിയും അതിന്റെ വിഭവങ്ങളും എല്ലാവർക്കും ഉള്ളതാണ്. ഈ ആവാസ വ്യവസ്ഥയ്ക്ക് ഹാനീകരമായ നടപടികൾ അവസാനിപ്പിക്കുക, നേടിയ ശേഷികൾ മറ്റുള്ളവ രുടെ മുമ്പിൽ കാര്യകാരണസഹിതം അവതരിപ്പിക്കുക. ഈ സമൂഹത്തിൽ തന്റെ സ്ഥാനം, ഉത്തരവാദിത്വം ഇവ

തിരിച്ചറിയുക എന്നീ ശാസ്ത്രീയ ചിന്തകളിലേക്ക് ഒരുവനെ നയിക്കാൻ പരിസര പഠനം മൂലം സാധിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അവസ്ഥാ വിശേഷങ്ങൾ കണ്ടെത്തൽ, ആവാസവ്യവസ്ഥിതി പഠനം | ഖരം - ഉദാഹരണം<br>ദ്രാവകം – "<br>വാതകം – "<br>പ്ലാസ്മ – " | ഹ്രസ്വകാലം |
| | വർഗീകരണ പ്രവർത്തനങ്ങൾ, ജീവീയ ഘടകങ്ങൾ, അജീവീയ ഘടകങ്ങൾ, ആഹാരശൃംഖല | ദീർഘകാലം |
| പ്രവഞ്ച അത്ഭുതങ്ങൾ പഠനം | സൂര്യൻ ആര് ?<br>ചന്ദ്രൻ, നക്ഷത്രങ്ങൾ ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ<br>പഠനം | ദീർഘകാലം |
| ഈ സമൂഹത്തിൽ രാജ്യം, സംസ്ഥാനം, ജില്ല, പഞ്ചായത്ത് ഇവയുടെ തരംതിരിക്കൽ പ്രധാന സ്ഥങ്ങൾ കണ്ടെത്തൽ | Planetarium സന്ദർശനം<br>Map reading<br>Map വരയ്ക്കൽ<br>Field trip | ദീർഘകാലം |
| ഭരണപരമായ സംവിധാനങ്ങൾ<br><br><br><br>Field trip | പഞ്ചായത്ത്<br>മുൻസിപ്പാലിറ്റി<br>സംസ്ഥാന ഗവൺമെന്റ്<br>കേന്ദ്ര ഗവൺമെന്റ്<br>ഇവയുടെ സംവിധാനങ്ങൾ | |

## പരിഹരിക്കപ്പെടേണ്ട കാര്യങ്ങൾ

ICT സാധ്യത Lab, Library ശിശു സൗഹൃദ അന്തരീക്ഷം ഇവയിൽ പരിഹരിക്ക പ്പെടേണ്ട പല പരിമിതികളും നിലനിൽക്കുന്നു. എങ്കിലും മികവിന്റെ കേന്ദ്രങ്ങ ളായി പൊതുവിദ്യാഭ്യാസത്തെ മാറ്റുവാനുള്ള സർക്കാരിന്റെയും, പ്രാദേശിക ഭരണകൂടത്തിന്റെയും ഉദ്യമത്തോടെ നാമും കൈകോർക്കുമ്പോൾ ഇവ ഇല്ലാതെയാകും. പൂന്തോട്ടം, ശലഭോദ്യാനം, മഴവെള്ളസംഭരണി, എല്ലാ കെട്ടിടങ്ങൾക്കും അനുരൂപീകരണ സംവിധാനങ്ങൾ ഇവയുള്ള ഒരു ശിശു സൗഹൃദ അന്തരീക്ഷം നമുക്ക് ഒരുക്കാം. പൊതുസമൂഹത്തിന്റെ ഇടപെടലിന് സ്വാഗതം ഓതുമ്പോൾ ഇവയെല്ലാം നിഷ്പ്രയാസം കരഗതമാകും. കാർഷിക സംസ്ക്കാരം പരിശീലിപ്പി ക്കുക വഴി തൊഴിൽ മാഹാത്മ്യവും സഹനവും ആർദ്രതയും, അനുകമ്പയും ഉള്ള ഒരു തലമുറയെ നമുക്ക് വാർത്തെടുക്കാം. പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുവാനും, വികസിപ്പിക്കുവാനും,

ആധുനികവത്ക്കരിക്കുവാനും നടത്തുന്ന പൊതു വിദ്യാഭ്യാസയജ്ഞം പൂർണ്ണമായും ജനകീയമാണ്.